## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2210

09.03.2018 ലെ മറുപടിയ്ക്ക്.

## വാത്സല്യനിധി പദ്ധതി

**ചോദ്യം**
**ശ്രീ. അനിൽ അക്കര**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | വാത്സല്യനിധി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനായി നടപ്പിലാക്കി വരുന്ന വാത്സല്യനിധി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ഉം അനുബന്ധം II ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം എത്ര തുക യാണ് വകയിരുത്തിയിരുന്നത്; ഇതിൽ ഇതുവരെ എത്രശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | 2017-18 സാമ്പത്തിക വർഷം, വാത്സല്യനിധി പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുതായി പെൺകുട്ടികൾ ജനിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്ന പദ്ധതിയാണ് ഇത്. ഇതിൽ നിന്നും 26.02.2018-ൽ വരെ 43% ചെലവ് വന്നിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് 2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകയിരുത്തിയ 100% തുകയും ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

പട്ടികജാതി, വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാനപരിധിയിലുള്ള മാതാപിതാക്കളുടെ 01.04.2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇൻഡ്യയും സംയുക്തമായി, 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളായി താഴെപ്പറയുന്ന മാനദണ്ഡ ങ്ങൾക്കനുസരിച്ച് നിക്ഷേപിക്കുന്നു.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്തത് | ആദ്യ ഗഡു 39,000/- |
| 5 വയസ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000/- |
| 10 വയസ് പൂർത്തിയായതും 5 -ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33,000/- |
| 15 വയസ് പൂർത്തിയായതും 10-ാം തരം പാസ്സായതും | നാലാം ഗഡു 30,000/- |

ഇതിൻ പ്രകാരം പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തി യാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ രൂപ ലഭിക്കും.

### മറ്റ് വിശദാംശങ്ങൾ:-

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ നൽകുന്നു. (Assured Amount)

### LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

| ആകസ്മികമരണത്തിന് | | |
|---|---|---|
| വരുമാനദായകൻ | സ്വാഭാവിക മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗീകമായ അംഗവൈകല്യം | 1,00,000/- |

| | | |
|---|---|---|
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിനുശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ്.) |
| | അപകട മരണം | |

## വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാന്റേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയ്ക്കോ | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |

# അനുബന്ധം 2

- 01.04.2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉായിരിക്കുന്നതാണ്.
- പെൺകുട്ടി ജനിച്ച് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ ആദ്യ ഗഡുവായി 39000/- രൂപ വകുപ്പിൽ നിന്നും എൽ.ഐ.സി മുഖേന നിക്ഷേപിച്ച് പെൺകുട്ടിയുടെ പേരിൽ പോളിസി എടുക്കുന്നു.
- പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയാകുമ്പോൾ ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേതാണ്. ആയതിന്റെ രേഖകൾ ഹാജരാക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2000/- രൂപ എൽ.ഐ.സി യിൽ നിന്നും ധനസഹായം ലഭ്യമാകും.
- പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 2-ാം ഗഡുവായി വകുപ്പ് 36,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നു. തുടർന്ന് 3000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
- പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 3-ാം ഗഡുവായി വകുപ്പ് 33,000/- രൂപ എൽ.ഐ.സി യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 5000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
- പെൺകുട്ടിയ്ക്ക് 15 വയസ് പൂർത്തിയാകുമ്പോൾ വകുപ്പ് 4-ാം ഗഡുവായി 30,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നു.
- പെൺകുട്ടി പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000/- രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധനസഹായമായി എൽ.ഐ.സി മുഖേന ലഭ്യമാകും.
- പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷുറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും.
- മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (01/04/2017 മുതൽ ജനിച്ചത്) ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ഗോത്രവാത്സല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം.
- ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ താഴെപറയുന്ന ആനുകൂല്യം ലഭിക്കുന്നു.

  1. അപകട മരണം 4,00,000/- രൂപ അനന്തരാവകാശിക്ക് ലഭിക്കുന്നു.
  2. സാധാരണ മരണമാണെങ്കിൽ 2,00,000/- രൂപ അനന്തരാവകാശിക്ക് ലഭിക്കുന്നു.
  3. കൂടാതെ മാതാപിതാക്കളിൽ രാമത്തെയാളും മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

- ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ഒരാൾക്ക് താഴെ പറയും പ്രകാരം ആനുകൂല്യം ലഭിക്കും.

  1. അപകടം മൂലം പൂർണ്ണമായും ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 2,00,000/- രൂപ ലഭിക്കും.
  2. അപകടം മൂലം ഭാഗികമായി ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 1,00,000/- രൂപ ലഭിക്കും.

സെക്ഷൻ ഓഫീസർ